


## ഭാരതീയ സംസ്കാരവും ന്യൂനപക്ഷങ്ങളും.



പി.എസ്. ചെറിയാൻ

തുടർച്ച 05 പേജിൽ

CHRISTIAN NEWS OCTOBER 2021

# ദി എൻഡ് ടൈം ന്യൂസ്

ദി വേക്ക് അപ്പ് - കോൾ

Volume 04 Issue No:45 Pages:14 Reg: TVM/1717/2014, Established:USA, Published from:India

# വിശുദ്ധ ബൈബിളിനെ ഔദ്യോഗിക ഗ്രന്ഥമായി പ്രഖ്യാപിക്കുവാൻ ടെക്സസിലും പ്രമേയം

**ഓസ്റ്റിൻ:**അമേരിക്കൻ സംസ്ഥാനമായ ടെക്സാസിന്റെ ഔദ്യോഗിക ഗ്രന്ഥമായി ബൈബിളിനെ ശുപാർശ ചെയ്യുന്ന പ്രമേയം ഫയൽ ചെയ്തു. ടെക്സാസ് പ്രതിനിധിയായ ഗ്ലെൻ റോജേഴ്സ് ആണ് പ്രമേയം ഫയൽ ചെയ്തിരിക്കുന്നത്. ടെക്സാസിന്റെ ചരിത്രത്തിലും,വികാസത്തിലും അവിഭാജ്യ ഘടകമായ ബൈബിൾ സംസ്ഥാനത്തിന്റെ സാമൂഹ്യ സാംസ്കാരിക മേഖലയിലെ ഒരു നാഴികകല്ലാണെന്നും,ബൈബിളിന് ചരിത്രപരമായ പ്രാധാന്യവും പ്രമേയത്തിൽ കാണിക്കുന്നുണ്ട്.

1800 മുതൽ കത്തോലിക്കർക്കും, പാശ്ചാത്യ ലോകത്ത് നിന്നും കുടിയേറിയ പ്രൊട്ടസ്റ്റന്റ് വിഭാഗക്കാരായ ആംഗ്ലോ അമേരിക്കക്കാർക്കും ഇടയിലെ ഒരു സാംസ്കാരിക കണ്ണിയാണ് ബൈബിളെന്നും, ഡേവിസ് ക്രോക്കെറ്റ്,സാം ഹൂസ്റ്റൺ തുടങ്ങിയ വിപ്ലവകാരികളുടെ പ്രചോദനത്തിന്റെയും ബുദ്ധിയുടേയുംഉറവിടവും ബൈബിൾ തന്നെയായിരുന്നു.ടെക്സാസിലെ 30 ഓളം ഗവർണർമാർ ബൈബിളിൽ തൊട്ടാണ് സത്യപ്രതിജ്ഞ ചെയ്തതെന്നും ടെക്സാസിന്റെ സമ്പന്നമായപൈതൃകത്തിലെ ഒരു പ്രധാന ഘടകമായ ബൈബിളിന് ഇത്തരമൊരു അംഗീകാരം തികച്ചും അർഹമാണെന്നും പ്രമേയത്തിൽ പറയുന്നു.



ടെക്സാസിന് പുറമേ ടെന്നസ്സി,ലൂസിയാന,മിസ്സിസ്സിപ്പി തുടങ്ങിയ സംസ്ഥാനങ്ങളും ബൈബിളിനെ ഔദ്യോഗിക ഗ്രന്ഥമാക്കി മാറ്റാൻ പ്രമേയങ്ങൾ അവതരിപ്പിച്ചിരുന്നു. അമേരിക്കൻ ജനസംഖ്യയിലെ 77% ക്രൈസ്തവരാണ്.

## ക്രിസ്ത്യൻ കോളേജ് പാർക്കിന് ഫാ. സ്റ്റാൻ സ്വാമിയുടെ പേര് നൽകുന്നതിനെതിരെ തീവ്രഹിന്ദു സംഘടനകൾ



**മംഗളൂരു:**കഴിഞ്ഞ ജൂലൈയിൽ ജുഡീഷ്യൽ കസ്റ്റഡിയിൽ ആശുപത്രിയിൽ വെച്ച് മരിച്ച മനുഷ്യാവകാശ പ്രവർത്തകനും ജെസ്യൂട്ട് വൈദീകനുമായ ഫാ.സ്റ്റാൻ സ്വാമിയുടെ പേര് കോളേജ് പാർക്കിനിടുന്നതിൽ പ്രതിഷേധവുമായി തീവ്രഹിന്ദുത്വവാദികൾ. ജെസ്യൂട്ട് സഭയുടെ കീഴിലുള്ള മംഗളൂരുവിലെ സെന്റ് അലോഷ്യസ് കോളേജ് ക്യാമ്പസിൽ സ്ഥിതി ചെയ്യുന്ന പാർക്കിന് ഭരണകൂട ഭീകരതയ്ക്കെതിരായി രക്തസാക്ഷിത്വം വരിച്ച ഫാ.സ്റ്റാൻ സ്വാമിയുടെ പേര്

വാർത്ത 07 പേജിൽ



## ഇന്തോനേഷ്യയിൽ ക്രൈസ്തവ വിശ്വാസം സ്വീകരിക്കുന്നവരുടെ എണ്ണത്തിൽ വർദ്ധനവ്

വാർത്ത 07 പേജിൽ

## ഉത്തരാഖണ്ഡിൽ ക്രൈസ്തവ ആരാധനാലയത്തിന് നേരെ ആക്രമണം; വിശ്വാസികൾക്ക് മർദ്ദനം.

**റൂർക്കി:**മതപരിവർത്തന ആരോപണങ്ങളുടെ പേരിൽ ക്രൈസ്തവ ആരാധനാലയം ആക്രമിക്കപ്പെടുന്നത് പതിവായ ഭാരതത്തിൽ നീണ്ടും ആരാധനാലയത്തിന് നേരെ ആക്രമണം. ഉത്തരേന്ത്യൻ സംസ്ഥാനമായ ഉത്തരാഖണ്ഡിലെ റൂർക്കിയിലെ സോളാനിപുരം കോളനിയിലെ ആരാധനാലയത്തിൽ പ്രാർത്ഥന നടക്കുന്ന





വാർത്ത 04 പേജിൽ




# EDITORIAL BOARD

**CHIEF EDITOR**
Baiju Yacob Edavila

**SUB EDITOR**
Manuel Joseph
Jiji Babu

**EDITORS**
Pastor A Anilkumar
Rev. Joseph chacko
Sis.Sherly

**MANAGER**
Bovas Sreekaryam

**CO-ORDINATORS**
John Francis (Dallas)
Syam
Sis.Saritha
Sis.Simi
Sis.Lesley Yacob

**REPORTERS**
Miniesh Kumar(Baharin)
Pastor Stephen (Andrapradesh)

**ADVISORY BOARD**
Pastor Shibu Thomas USA
Pastor Asokan Eranakulam
M.Jacob Thiruvananthapuram


**INDIA**
VRA-402,Vikasnagar
Sreekariyam p.o.
Thiruvanthapuram.695017
Kerala
9526650511

# പെഗാസസ് എന്ന തൃക്കണ്ണ്

സ്മാർട്ട്ഫോണുകളിലെ രഹസ്യം ചോർത്തുവാൻ സഹായകരമായ യിസ്രായേൽ കമ്പനിയുടെ സ്പൈവെയർ ആണ് പെഗാസസ്. 2010ൽ രൂപീകൃതമായ എൻ.എസ് ഒയാണ് പെഗാസസിന്റെ ഉപജ്ഞാതാക്കൾ. ഈ ചാര സോഫ്റ്റ് വെയർ ഉപയോഗിച്ച് എസ്.എം.എസ്സുകൾ, ഫോൺകോളുകൾ, വാട്സ്ആപ്പ് സംഭാഷണങ്ങൾ മുതലായവ കൂടാതെ ഫോണിലെ ക്യാമറ വഴിയും വിവരങ്ങൾ ചോർത്തുവാൻ ഈ സോഫ്റ്റ് വെയറായ പെഗാസസിന് കഴിയും വാസ്തവത്തിൽ സ്മാർട്ട്ഫോൺ കൈകാര്യം ചെയ്യുന്ന ഏതൊരു വ്യക്തിയുടെയും സ്വകാര്യ വിവരങ്ങൾ ഊളിയിട്ട് കൈവശമാക്കുവാൻ കഴിയുമെന്ന് ചുരുക്കം.

2019-ലാണ് ചാരസോഫ്റ്റ് വെയറായ പെഗാഗസ് ആദ്യമായി ആഗോള തലത്തിൽ ചർച്ച ചെയ്യപ്പെടുന്നത്. 20 രാജ്യങ്ങളിൽ നിന്നുള്ള 1400 പ്രമുഖ വ്യക്തിത്വങ്ങളുടെ വിവരങ്ങളാണ് അന്നു പുറംലോകം കണ്ടത്. ഒരു വ്യക്തിയുടെ ഫോൺ ചോർത്തുക എന്നത് ആ വ്യക്തിയുടെ സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റവും, വിശ്വാസ വഞ്ചനയുമാണ് എന്നതിൽ രണ്ട് അഭിപ്രായമില്ല. ഈ സംഭവത്തോടെ വാഷിംഗ്ടൺ പോസ്റ്റ് ഉൾപ്പെടെ ലോകമെമ്പാടുമുള്ള പതിനാറു വ്യത്യസ്ത മാധ്യമ സ്ഥാപനങ്ങളും സംഘടനകളും നടത്തിയ അന്വേഷണം കൂടാതെ ഫ്രാൻസിലെ മാധ്യമസ്ഥാപനായ ഫോർബിഡൻ സ്റ്റോറിസും ആംനസ്റ്റി ഇന്റെർനാഷണലും, ടൊറന്റോ യൂണിവേഴ്സിറ്റിയിലെ ലബോർട്ടറിയുടെ സാങ്കേതിക ഉപദേശത്തോടെ രൂപപ്പെടുത്തിയ ഡിജിറ്റൽ ഫോറൻസിക്ക് പരിശോധന വഴി പെഗാസസിന്റെ ഇടപെടലുകൾ ശാസ്ത്രീയമായ സ്ഥിതീകരിച്ചതാണ്. ഈ നെറികേട് പുറംലോകത്തെ അറിയിച്ചത്.



*ബൈജു യാക്കോബ് ഇടവിള*

**Disclaimer**

The views expressed in this online newspaper are those of the authors and do not necessarily reflect the position of HSM End Time News. The online newspaper will not bear any responsibility whatsoever for them. The images used in the newspaper have been downloaded from the Internet and we acknowledge that the copyright of those images remain with the original owners. HSM End Time News does not claim any copyright for them and does not intend to use them for commercial purposes.




# ശാശ്വത ഭുജങ്ങൾ ഉണ്ട്

പാസ്റ്റർ ഷിബു തോമസ്,
ഒക്കലഹോമ.

**പു**രാതനനായ ദൈവം നിന്റെ സങ്കേതം കീഴെ ശാശ്വത ഭുജങ്ങളുണ്ട്; അവൻ ശത്രുവിനെ നിന്റെ മുമ്പിൽ നിന്നും നീക്കിക്കളഞ്ഞ് സംഹരിക്ക എന്നു കൽപ്പിച്ചിരിക്കുന്നു(ആവർത്തനം33:27)

നിൽക്കുന്നയിടം താണുപോകുമോ എന്ന ഭീതി ജനിപ്പിക്കുമാറ് ജീവിതവ്യഥകൾ കുമിഞ്ഞ് കൂടുമ്പോൾ, സഹായത്തിനായി നാലുപാടും നിസ്സഹായതയോടെ നോക്കി നെടുവീർപ്പിടുമ്പോൾ, പരിചയഭാവം ഉള്ള ഒരു കരവും കാണാതെ ഹൃദയം തകരുമ്പോൾ ഇതാ ദൈവവചനം നമ്മെ ആശ്വസിപ്പിക്കുന്നു. ഭയപ്പെടേണ്ട നീ താഴുന്നയിടത്ത്, താങ്ങുവാൻ തളരുമ്പോൾ തണലായി ഒരുകരം - കീഴെ ശാശ്വതമായ, നിത്യമായ, ശക്തി ചോരാത്ത, കരുണ തീരാത്ത ഒരു കരം നിനക്കായുണ്ട്. യിസ്രായേലിന്റെ പരിപാലകൻ മയങ്ങുന്നില്ല, ഉറങ്ങുന്നില്ല, എന്ന ദൈവീക വാഗ്ദത്തം ഏതു ഘട്ടത്തിലും നമ്മെ സർവ്വശക്തനായ ദൈവത്തിലേക്കടുപ്പിക്കുന്നു. രാത്രി മുഴുവൻ സുഖമായി ഉറക്കം തന്ന് കാത്ത ദൈവം(സങ്കീ4:8) പ്രഭാതത്തിൽ പുതിയ നന്മകൾക്കായി തന്റെ കരത്താൽ താങ്ങി എഴുന്നേൽപ്പിക്കുന്നു. (സങ്കീ3:5) എല്ലാ അവസാനിച്ചു എന്നു കരുതുന്ന സ്ഥലത്തും സ്ഥാനത്തും ഒന്നും കൂടെ നോക്കുക. കീഴെ ശാശ്വത ഭുജങ്ങൾ ഉണ്ട്. നമ്മെ ഉയർത്തുവാൻ, തനിയെ നടപ്പാനും മുമ്പോട്ട് പോകുവാനും പ്രാപ്തിയില്ലാത്തവനെ താങ്ങി നടത്തുവാൻ ദരിദ്രനെ കുപ്പയിൽ നിന്ന് ഉയർത്തി ജനത്തിന്റെ പ്രഭുക്കന്മാരോടുകൂടെ ഇരുത്തുവാൻ കഴിവുള്ള കരുത്തുറ്റ കരങ്ങൾ ഉണ്ട്. അത് പുരാതനമേയുള്ളതാണ്, പ്രപഞ്ചത്തെ സൃഷ്ടിച്ച കരങ്ങൾ, ശൂന്യതയിൽ നിന്ന് സകലത്തെയും വിളിച്ചു വരുത്തിയ കരങ്ങൾ . ഭയപ്പെടേണ്ട, ഭ്രമിച്ചുനോക്കേണ്ട ഇതവസാനമല്ല പുതിയ ആരംഭമാണ്. നിങ്ങൾ കിടക്കുന്നത് തകർച്ചയുടെ പടുകുഴിയിലല്ല ഉയർച്ചയുടെ കരങ്ങളിലാണ്. ഈ ദൈവം നമ്മുടെ സങ്കേതമാണ്. ആഴമുള്ള പൊട്ടക്കിണറ്റിൽ സഹോദരന്മാർ വലിച്ചെറിഞ്ഞാലും യോസേഫ് വീണത് കിണറിന്റെ അടിത്തട്ടിൽ ആശയറ്റ, നിരാശ്ശകൾ നിറഞ്ഞ, സ്വപ്നങ്ങൾ വിഫലമായ ഗൂഢാലോചനയുടെയും ചതിവിന്റെ ചെളിക്കുണ്ടിലല്ല, മറിച്ച് തന്റെ ഭക്തനെ ഉയർത്തി ഉന്നതനാക്കുന്ന ശാശ്വത ഭുജങ്ങളിലാണ്. ആ ദൈവം തന്റെ പദ്ധതി പ്രകാരമുള്ള സമയത്ത് ഓരോരുത്തരെയും ഉയർത്തേണ്ടതിന് ആ ബലമുള്ള കരങ്ങളിൽ താണിരിപ്പിൻ.

പ്രാർത്ഥന:

യേശുവെ എന്നെ താങ്ങും കരങ്ങളിൽ ഞാൻ ശരണം പ്രാപിക്കുന്നു. എന്റെ ജീവിതയാത്രയിൽ എനിക്ക് ഉറപ്പും ധൈര്യവും തന്ന് താങ്ങായി നിന്ന് എന്നെ ഉയർത്തുന്ന ശാശ്വത ഭുജങ്ങൾക്കായി നന്ദി.. ആമേൻ.

*നമ്മെ ഉയർത്തുവാൻ, തനിയെ നടപ്പാനും മുമ്പോട്ട് പോകുവാനും പ്രാപ്തിയില്ലാത്തവനെ താങ്ങി നടത്തുവാൻ ദരിദ്രനെ കുപ്പയിൽ നിന്ന് ഉയർത്തി ജനത്തിന്റെ പ്രഭുക്കന്മാരോടുകൂടെ ഇരുത്തുവാൻ കഴിവുള്ള കരുത്തുറ്റ കരങ്ങൾ ഉണ്ട്.*

Jan Vic ©2007

## ഹിമാചൽ പ്രദേശിൽ മതപരിവർത്തനശ്രമം ആരോപിച്ച് അറസ്റ്റിലായ മിഷനറി ചാർളി ജോണിന് ജാമ്യം അനുവദിച്ചില്ല



**ലുധിയാന:** ഹിമാചൽ പ്രദേശിലെ ഷിംല ഡിസ്ട്രിക്ടിൽ സുവിശേഷ ലഘുലേഖ വിതരണം ചെയ്തെന്ന പരാതിയിൽ മലയാളി സുവിശേഷകർ അറസ്റ്റിലായത്. യുപിയിലെ ആഗ്രയിൽ നിന്ന് ഹിമാചലിലെ രാംപൂരിലെത്തിയ ബ്രദറൺ മിഷനറി മൈലപ്ര സ്വദേശി സുവി.ചാർളി ജോണും സഹപ്രവർത്തകനുമാണ് അറസ്റ്റ് ചെയ്യപ്പെട്ടത്. മതപരിവർത്തന നിരോധന നിയമം നിലവിലിരിക്കുന്ന ഹിമാചൽ പ്രദേശിൽ സുവിശേഷ പ്രവർത്തനം നടത്തുന്നത് കടുത്ത ശിക്ഷ കിട്ടാവുന്ന കുറ്റമാണ്.

സുവിശേഷകർ സഞ്ചരിച്ച മാരുതി വാൻ പോലീസ് പിടിച്ചെടുത്തു. വാനിൽ നിന്ന് കണ്ടെടുത്ത 40,000 രൂപ പണം കൊടുത്ത് മതം മാറ്റാൻ വേണ്ടി കൊണ്ടുവന്നതെന്ന നിലയിൽ ഹിമാചലിലെ മാധ്യമങ്ങൾ വലിയ പ്രാധാന്യത്തോടെ വാർത്തകൾ കൊടുക്കുന്നുണ്ട്.

ആഗ്ര ബ്രദറൺ അസംബ്ലിയിൽ അംഗമായ ഒരു സഹോദരിയുടെ ഭവനം രാംപൂറിലാണ്. സുവിശേഷകർ ആ വീട്ടിൽ കയറിയ സമയത്ത് വഴിയിൽ നിർത്തിയിട്ടിരുന്ന വാൻ ഒരു കൂട്ടം ആളുകൾ കാറ്റഴിച്ചുവിട്ടശേഷം പോലീസിനെ വിളിച്ചു വരുത്തുകയായിരുന്നു.

പോലീസിൽ നിന്നും ഇതുവരെ നല്ല പെരുമാറ്റം ആയിരുന്നുവെന്നും യേശുക്രിസ്തുവിനെക്കുറിച്ചും സുവിശേഷത്തെക്കുറിച്ചും ഒട്ടനവധി സംശയങ്ങളുമായി പോലീസുകാർ തന്നോട് സംസാരിക്കുന്നതായും എല്ലാവരോടും സുവിശേഷം പറയാൻ ഇതൊരു അവസരമാണെന്നും അദ്ദേഹം പറഞ്ഞു. എല്ലാ വിശ്വാസികളുടെയും പ്രാർത്ഥനയിൽ ഓർത്ത് പ്രാർത്ഥിക്കുക.

## 'കൈസര്യയിലെ രോദനക്കാരി'പ്രകാശനം ചെയ്തു

മുതിർന്ന മാധ്യമപ്രവർത്തകനും,സാമൂഹ്യ സേവകനും,ക്രൈസ്തവ ഗാനരചയിതാവുമായിരുന്ന ഉപദേശിയുടെ മകൻ ജോർജ്ജ് മത്തായി സിപിഎയുടെ അവസാന ഗാനം 'കൈസര്യയിലെ രോദനക്കാരി' തന്റെ വിടവാങ്ങൽ ശുശ്രൂഷയോട് അനുബന്ധിച്ച് പ്രകാശനം ചെയ്തു.

ക്രൈസ്തവ കൈരളിക്ക് നിരവധി ഗാനങ്ങൾ സമ്മാനിച്ച പ്രശസ്ത സംഗീത സംവിധായകൻ റെജി നാരായണൻ സംഗീതം പകർന്ന ഈ ഗാനം പ്രശസ്ത പിന്നണി ഗായികയും സംസ്ഥാന അവാർഡ് ജേതാവുമായ സിതാരയാണ് ആലപിച്ചിരിക്കുന്നത്. ജയകുമാർ പശ്ചാത്തല സംഗീതം ഒരുക്കിയ ഈ ഗാനം റെജി നാരായണന്റെ ഔദ്യോഗിക യൂട്യൂബ് ചാനലിലൂടെ പ്രാകാശനം ചെയ്തിരിക്കുന്നത്.

**Property for IMMEDIATE sale at Kozhuvalloor, Chengannur!**

House plot (30 cents) for sale in Kozhuvalloor, 10 minutes' drive (7 kilometers) from Chengannurtown. Original land with well water, that never runs dry even in summer. Frontage (30 ft.) Panchayath Road. No flood area. Suitable for residential and business needs. Very close to all amenities including schools, colleges, professional colleges, banks, temples, churches, government offices etc. Property of Pastor's family. Anyone interested, please contact Mr. A J John at +91 9745862898 or 04722898033. Email – maanueljoseph@gmail.com.



# ഭാരതീയ സംസ്കാരവും ന്യൂനപക്ഷങ്ങളും.



പി.എസ്. ചെറിയാൻ

ഇംഗ്ലണ്ടും അമേരിക്കയും ക്രിസ്തുമതം അറിയുന്നതിനും സ്വീകരിക്കുന്നതിനും മുമ്പ് ഭാരതത്തിൽ സുവിശേഷം എത്തിയെന്നാണ് സഭാചരിത്രം പഠിപ്പിക്കുന്നത്. ഭാരതത്തിന്റെ ക്രിസ്തീയ ചരിത്രം ആരംഭിക്കുന്നത് കേരളത്തിൽ നിന്നാണ്. പാശ്ചാത്യമാണെന്ന് പറയുന്നതിൽ കഴമ്പില്ല. ഇന്ന് പാശ്ചാത്യ മുഖഛായ നൽകി പൗരസ്ത്യ മതത്തെ വിമർശിക്കുന്നതിൽ യാതൊരു ചരിത്ര സാധ്യതയുമില്ല. ക്രിസ്തുമതം എത്തിയ രാജ്യങ്ങളിലെല്ലാം പ്രാദേശികമായ കിരാതത്തവും അനാചാരങ്ങളും മാറിയെങ്കിലും മുഖ്യ ദേശീയതയുമായി ഇഴുകിച്ചേർന്ന് ഒരു ക്രിസ്തീയ സംസ്ക്കാരം വളരുകയും ചെയ്തിട്ടുണ്ട്. ഭാരതത്തിലെ പ്രാചീന സാമൂഹിക സംവിധാനവും ജനസമൂഹങ്ങളുടെ ചരിത്രവും അന്വേഷണ വിധേയമാക്കിയാൽ ഹൈന്ദവസംസ്ക്കാരമെന്നത് മതത്തിന്റെ അടിസ്ഥാനത്തിലുള്ളതല്ലെന്നും ഈ ഭൂപ്രദേശത്തിന്റെ ജനപഥങ്ങളുടെ സംസ്ക്കാരമാണെന്നും മനസ്സിലാകും. ആര്യവംശത്തിന്റെ അധിനിവേശത്തിന് ശേഷമാണ് ഭാരതസംസ്ക്കാരത്തിന്റെ പ്രാചീന സുവർണ്ണകാലം അസ്തമിച്ചത്.

ഭാരതത്തിന്റെ പ്രാചീനസംസ്ക്കാരം

ആര്യന്മാരുടെ വരവിന് വളരെമുമ്പു തന്നെ സുമേറിയരുടെയും ബാബിലോണ്യരുടെയും സംസ്ക്കാരത്തോട് കിടപിടിക്കത്തക്ക ഒരു സംസ്ക്കാരം ഭാരതത്തിൽ നിലവിലിരുന്നു. ചരിത്രപരമായ അന്വേഷണഫലമായി ആധുനിക കാലത്ത് മാത്രമാണ് ഈ വസ്തുവകകൾ വെളിച്ചത്ത് വന്നത്. പുരാതന ഹൈന്ദവ ജനതയുടെ മതം,ആചാരം, ജീവിത ശൈലി,സാമൂഹിക ക്രമം എന്നിവയിലേക്ക് വെളിച്ചം വീശുന്ന ഒട്ടേറെ തെളിവുകളാണ് മോഹൻജദാരോയിൽ നിന്നും ഹാരപ്പായിൽ നിന്നും സിന്ധിൽ നിന്നും ലഭിച്ചിട്ടുള്ളത്. വൈദീക സംസ്കാരം രൂപം പ്രാപിക്കുന്നതിനും വളരെ നാളുകൾക്ക് മുമ്പ് ഇവിടെ മഹത്തായ ഒരു സംസ്ക്കാരം നിലനിന്നിരുന്നു. ഇതിനെയാണ് സൈന്ധവസംസ്കാരം എന്ന് ചരിത്രകാരന്മാർ വിശേഷപ്പിക്കുന്നത്.

സൈന്ധവ ജതന

ബി.സി.5000–നും 3500നും ഇടയ്ക്കുള്ള കാലത്ത് മെഡിറ്ററേനിയൻ തീരങ്ങളിൽ നിന്നു വന്നു പാർത്തവരാണ് ദ്രാവിഡജനത. ഇവർക്ക് സംഘടിത മത സംവിധാനമോ, ക്ഷേത്രങ്ങളോ ഉണ്ടായിരുന്നില്ല. വൃക്ഷം,നാഗം, ശിവലിംഗം, അമ്മ ദൈവം തുടങ്ങിയ വിഗ്രഹങ്ങളെ ആരാധിച്ചിരുന്നു. ജാതി വിവേചനം സൈന്ധവജനതയ്ക്ക് അന്യമായിരുന്നു. ഉച്ചനീചത്വമില്ലാതെ മതവൈര്യാഗ്യങ്ങളില്ലാതെ ശുദ്ധമായൊരു സംസ്ക്കാരം അവർ പടുത്തുയർത്തി. അവരുടെ നാഗരികത ആധുനിക കാലത്തേക്കാളും മെച്ചപ്പെട്ട സംവിധാനങ്ങളുള്ളതായിരുന്നു.

വൈദീക കാലം.

എന്നാൽ ബി.സി 2000–നും 1500–നും ഇടയ്ക്ക് ആര്യന്മാർ മദ്ധ്യഏഷ്യയിൽ നിന്നും കുടിയേറി. അവരുടെ കുടിയേറ്റം ആദ്യം വടക്കേ ഇന്ത്യയിലായിരുന്നു. നൂറ്റാണ്ടുകൾ നീണ്ടുനിന്ന വംശീയ പോരാട്ടത്തിലൂടെ ദ്രാവിഡസംസ്ക്കാരം ഇല്ലാതെയായി. ആകാശദൈവങ്ങളും വേദങ്ങളും ഹോമങ്ങളും മാത്രമുണ്ടായിരുന്ന ആര്യന്മാർ പൂജകളുടേയും വിഗ്രഹാരാധനകളുടെയും പേരിൽ ദ്രാവിഡരെ ആക്ഷേപിച്ചും ഉപദ്രവിച്ചും പോന്നു. പിന്നീട് രണ്ട് സംസ്ക്കാരങ്ങളുടെയും സങ്കലനമുണ്ടായി ആര്യന്മാർ ശ്രേഷ്ഠന്മാരും ദ്രാവിഡർ നീചന്മാരുമെന്ന ചിന്ത വ്യാപകമായി. ജാതീയതയിലൂന്നിയ ചാതുർവർണ്ണ്യവും മറ്റും ആര്യന്മാർ പ്രചരിപ്പിച്ചു. ദ്രാവിഡരുടെമേൽ ആര്യന്മാർ ആധിപത്യം നേടി. നൂറ്റാണ്ടുകൾ കൊണ്ടു സംഭവിച്ച പരിണാമത്തിൽ ദേവന്മാരുടെ സ്ഥാനം ആര്യന്മാർ കൈയ്യടക്കി.

ഹിന്ദുക്കൾ

ഹെറോഡോട്ടസ് തുടങ്ങിയ യവന സഞ്ചാരികൾ ഭാരതം സന്ദർശിച്ച ശേഷം സിന്ധു നദിയുടെ തീരങ്ങളിൽ പാർത്തുവന്ന മുഴുവൻ ജനതയെയും ഹിന്ദുക്കൾ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഹിന്ദുശബ്ദം മതത്തിന്റെ അല്ല ഭാരതജനതയുടേതാണ്. ജനവിഭാഗത്തെ സൂചിപ്പിക്കുന്നതിനാണ് ആദ്യകാലങ്ങളിൽ ഈ പദം ഉപയോഗിച്ചുവന്നത്. പേർഷ്യൻ ആധിപത്യകാലത്താണ് സിന്ധുശബ്ദം ഹിന്ദു അഥവാ

തുടർച്ച 06പേജിൽ



THE END TIME NEWS
VOICE OF HARVESTING SOULS MISSION



05-ാം പേജ് തുടർച്ച

ഇൻഡസ് എന്ന് ഉച്ചരിച്ച് തുടങ്ങിയത്. ഗ്രീസിന്റെ ആക്രമണകാലത്തും ഇന്ദു എന്ന് വിളിച്ചു. പുരാതന സംസ്ക്കാരവും ജനപഥവും പിന്നീട് ഹിന്ദു എന്ന പേരിൽ വിഖ്യാതമായി.

### ബുദ്ധമതവും ജൈനമതവും

ഭാരതത്തിൽ ഉടലെടുത്ത രണ്ട് മതങ്ങളാണ് ബുദ്ധമതവും ജൈനമതവും. ആര്യമതത്തിന്റെ ബൗദ്ധികവും സായുധവുമായ ആക്രമങ്ങളാൽ ഈ രണ്ടു മതങ്ങളും വളരുവാൻ അന്യരാജ്യങ്ങളിൽ ഇടം തേടേണ്ടി വന്നു. ഇന്ന് ഈ മതങ്ങൾ ഇവിടെയില്ല. ചില ആചാരങ്ങളും സങ്കൽപ്പങ്ങളും ആര്യമതം സ്വീകരിച്ചു എന്ന് മാത്രം. അവരുടെ ക്ഷേത്രങ്ങളും മറ്റും ആര്യമതത്തിന്റെ പിടിയിലമർന്നു.

### ആധുനിക ഹിന്ദുമതം

ആധുനിക ഹിന്ദുമതം ബഹുമതസംസ്ക്കാരമാണ്. ദ്രാവിഡ സങ്കൽപ്പങ്ങളും ആര്യസങ്കൽപ്പങ്ങളും ബുദ്ധവിശ്വാസങ്ങളും ജൈനവിശ്വാസങ്ങളും എല്ലാം കൂടി കെട്ടുപിണഞ്ഞ മത സംവിധാനമാണത്. വൈദീക ചിന്തയിൽ ഇല്ലാത്ത നിരവധി ദേവീദേവന്മാരും ആചാരങ്ങളും ഇതരമതങ്ങളിൽ നിന്ന് സ്വാംശീകരിച്ചിരിക്കുന്നു. മതമില്ലാത്തവരെയും അന്യമതങ്ങളെയും ആരാധിപത്യത്തിന്റെ ചൊൽപ്പടിയിൽ നിർത്തുവാൻ അവർക്ക് കഴിഞ്ഞു.

ഭാരതത്തിലെ ബഹുഭൂരിപക്ഷം വരുന്ന ദ്രാവിഡ ജനത അവരുടെ അറിവില്ലാതെ ഹൈന്ദവർ ആയതെങ്ങനെയാണ്? മതാചാരങ്ങളില്ലാത്ത ആദിവാസികൾ ഹിന്ദുമതത്തിന്റെ ഭാഗമായതെങ്ങനെയാണ്? ഇത് മനസ്സിലാക്കാൻ ചരിത്രം ശ്രദ്ധിച്ച് പഠിക്കേണ്ടതുണ്ട്. ഭാരതത്തിന്റെ മതങ്ങളായ ജൈന-ബുദ്ധ മതങ്ങൾക്ക് ഇവിടെ സ്ഥാനമില്ലാതായതും ആര്യമതത്തിന്റെ അധിനിവേശ സ്വഭാവമാണ് കാണിക്കുന്നത്.

ഗോത്ര സംസ്കാരത്തിലും ജാതീയതയിലും ഊന്നിയതാണ് ഇന്ന് ഇന്ത്യയുടെ സാമൂഹിക ഘടന പട്ടികജാതി- വർഗ്ഗം, ആദിവാസികൾ, ഗോത്രങ്ങൾ ഇവ വൈദീക സംസ്ക്കാരം ഉള്ളവരല്ല. അങ്ങനെ വരുമ്പോൾ ബഹുഭൂരിപക്ഷം വരുന്ന ഭാരതീയർ ഇന്ന് നാം കാണുന്ന ഹൈന്ദവമത്തതിന്റെ ഭാഗമല്ലെന്ന് കാണാം. വരേണ്യ വർഗത്തിന്റെ ഭീഷണിയിൽ അമർന്ന് അവർ കഴിയുകയാണ്. ചരിത്രത്തിന്റെ നാൾവഴികൾ വരികൾക്കിടയിൽ വായിച്ചെടുക്കുന്ന ആർക്കും ഇത് മനസ്സിലാക്കാൻ കഴിയും.

### ന്യൂനപക്ഷാവകാശങ്ങൾ

ഇന്ന് ഭാരതത്തിലുള്ള ന്യുനപക്ഷങ്ങളായ ക്രൈസ്തവർ, മുസ്ലീമുകൾ, സിക്കുകാർ തുടങ്ങിയ ജനസമൂഹങ്ങളുടെ മേൽ ആര്യമതാനുയായികൾ ചെയ്യുന്നതും ദ്രാവിഡ മതത്തോട് ചെയ്ത സമീപനരീതികളാണ്. അവകാശങ്ങൾ നിഷേധിച്ചും അടിച്ചമർത്തിയും ഭീഷണിപ്പെടുത്തിയും ഓടിച്ചുകളകയോ ആര്യമതത്തിന്റെ ഭാഗമാക്കുകയോ ചെയ്യുക എന്ന തന്ത്രമാണത്. ന്യൂനപക്ഷങ്ങൾക്ക് പൗരത്വാവകാശം നൽകുന്നത് നിഷേധിക്കുമെന്ന് പോലും ചിലർ പറഞ്ഞു കഴിഞ്ഞു. ഭരണഘടന വാഗ്ദാനം ചെയ്യുന്ന പൗരാവകാശങ്ങളും പ്രത്യേക പരിഗണനകളും നിഷേധിക്കപ്പെടുന്നു. ഭരണഘടന തന്നെ മാറ്റിയെഴുതുവാൻ ശ്രമം നടക്കുന്നു. ഭാരതത്തിന്റെ ജനാധിപത്യ സംവിധാനവും മതേതരത്വവും ഇന്ന് ആര്യവംശത്തിന് തലവേദനയായെങ്കിൽ അത്ഭുതപ്പെടാനില്ല.

ഏത് മതത്തിൽ വിശ്വസിക്കാനും അത് പ്രചരിപ്പിക്കാനുമുള്ള സ്വാതന്ത്ര്യം പൗരാവകാശത്തിലുണ്ട്. ന്യൂനപക്ഷങ്ങൾക്ക് അത് നിഷേധിക്കുന്നത് തടയാനും വ്യവസ്ഥയുണ്ട്. എല്ലാ മതങ്ങളെയും മാനിക്കുന്ന ഭാരതം ശ്രേഷ്ഠമായ പാരമ്പര്യമാണ് ഇതുവരെ പുലർത്തി വന്നത്.

### ദേശീയതയും മതവിശ്വാസവും

ഭാരതത്തിന്റെ ദേശീയത മതവിശ്വാസത്തിലധിഷ്ഠിതമാണെങ്കിലും മതേതരത്വത്താ



ലാണ് ഊന്നി നിൽക്കുന്നത്. ഏതെങ്കിലും ഒരു മതത്തിൽ വിശ്വസിക്കാത്തതുകൊണ്ട് അദ്ദേഹം ദേശീയ വിരുദ്ധൻ എന്ന് പറയാൻ പാടുള്ളതല്ല. വിവിധ മതങ്ങളുടെ വൈവിധ്യത്തിലുള്ള ഏകത്വമാണ് ഭാരതത്തിന്റെ ദേശീയതയുടെ ശക്തി. അത് ഒരു മതത്തിന്റേത് മാത്രമാകുമ്പോൾ ഏകാധിപത്യവും അതിന്റെ അപകടങ്ങളും കടന്നുവരും. അതുകൊണ്ട് പരസ്പരം ബഹുമാനിച്ചും അംഗീകരിച്ചും വിശ്വാസങ്ങളെ അനുവദിച്ചും വളരുന്ന ഒരു സംസ്ക്കാരമാണ് ആവശ്യം. ഹിന്ദുക്കളും മുസ്ലീങ്ങളും ക്രിസ്ത്യാനികളും സിക്കുകാരും ആദിവാസികളും ഗോത്രങ്ങളും ഭാരതീയരാണ്. ഈ മണ്ണിൽ ജനിച്ചവരാണ്. അവരുടെ മാതൃരാജ്യം ഭാരതമാണ്. ഭാരതീയതയാണ് അവരുടെ ദേശീയത. അതംഗീകരിക്കാൻ തയ്യാറാകണം.

### ന്യൂനപക്ഷ വിവേചനം.

ഈ വിചിന്തനങ്ങളുടെ വെളിച്ചത്തിൽ നാം മനസ്സിലാക്കുന്നതെന്താണ്? ന്യൂനപക്ഷങ്ങളുടെ മതവും സംസ്കാരവും ഇന്ത്യൻ ദേശീയതയുടെ ഭാഗമാണ്. അങ്ങനെയല്ലാ എന്ന് വരുത്തിത്തീർക്കുന്നത് ആര്യമേധാവിത്വത്തിന്റെ നയതന്ത്രമാണ്. മറ്റുമതങ്ങളെ ആക്ഷേപിക്കുന്നതിലോ അടിച്ചമർത്തുന്നതിലോ കാര്യമല്ല. അത് ആരും ചെയ്യാൻ പാടുള്ളതല്ല. ന്യൂനപക്ഷങ്ങൾ മതപരിവർത്തനം ചെയ്യുന്നുവെന്നതാണ് ഇന്നുള്ള ഒരു ആക്ഷേപം. മതം പ്രസംഗിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുവാനുള്ള അവകാശം നിഷേധിക്കുന്നതിലൂടെയല്ല മതപരിവർത്തനം തടയേണ്ടത്. ഒരാളുടെ വിശ്വാസ ബോധ്യങ്ങളെ നിയമം കൊണ്ട് തടയുന്നത്. സേച്ഛാധിപത്യമാണ്. ഈ മണ്ണിന്റെ മക്കളായ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ ജനാധിപത്യ മൂല്യങ്ങളോടെ സംരക്ഷിക്കപ്പെടണം. മതങ്ങളിലെ മൂല്യങ്ങളെ പരസ്പരം മാനിക്കുന്നതിലൂടെ മാത്രമെ അത് സാധിക്കുകയുള്ളൂ.

THE ENDTIME NEWS






### 01-ാം പേജ് തുടർച്ച

നൽകുന്നതാണ് ഹിന്ദുത്വവാദികളെ പ്രകോപിപ്പിച്ചതെന്ന് ഏജൻസിയായ ഫിഡെസ് റിപ്പോർട്ട് ചെയ്യുന്നു. കിഴക്കേ ഇന്ത്യയിലെ ആദിവാസികൾക്കും നിരക്ഷരർക്കും ഇടയിൽ പ്രവർത്തിച്ച ഫാ.സ്റ്റാൻ സ്വാമിയോടുള്ള ആദരാർത്ഥമാണ് പാർക്കിന് സ്റ്റാൻ സ്വാമി പീസ് പാർക്ക് എന്ന പേര് നൽകാൻ കോളേജ് അധികൃതർ തീരുമാനിച്ചത്.

ഇതിനിടെ തീവ്രഹിന്ദുത്വ സംഘടനകളായ വിശ്വഹിന്ദു പരിഷത്ത്, ബജ്രംഗ്ദൾ, എന്നിവയും ബിജെപിയുടെ കീഴിലുള്ള വിദ്യാർത്ഥി വിഭാഗമായ അഖിൽ ഭാരതീയ വിദ്യാർത്ഥി പരിഷത്ത് സംഘടനയുമാണ് പ്രതിഷേധവുമായി രംഗത്തുവന്നിരിക്കുന്നത്. വിഷയത്തിൽ ഇവർ പോലീസിന് പരാതി സമർപ്പിച്ചിട്ടുണ്ട്. ഫാ.സ്റ്റാൻ സ്വാമിയുടെ പേര് പാർക്കിന് നൽകിയാൽ അത് സമൂഹത്തിന് അപമാനമാണെന്നാണ് ഇവരുട് വാദം. ജെസ്യൂട്ട് സഭ ഇതിനെ അപലപിച്ചു.

കഴിഞ്ഞ 140 വർഷമായി സെന്റ് അലോഷ്യസ് കോളേജ് മത,ജാതി,സാമൂഹിക അടിസ്ഥാനത്തിൽ ആരേയും വിവേചനം കൂടാതെ സമൂഹത്തെ സേവിച്ചിട്ടുണ്ടെന്നും പാർക്കിന് ഫാ.സ്റ്റാൻ സ്വാമിയുടെ പേര് ഇടാൻ എല്ലാ അവകാശമുണ്ടെന്നും ജെസ്യൂട്ട് സഭ വ്യക്തമാക്കി.അതേസമയം സിറ്റി പോലീസ് കമ്മീഷണറുടെ അഭ്യർത്ഥന പ്രകാരം പാർക്കിന്റെ പേരിടൽ ചടങ്ങ് തൽക്കാലത്തേക്ക് മാറ്റി വെച്ചു. ഇക്കഴിഞ്ഞ ജൂലൈ 5 മുംബെ ഹോളി ഫാമിലി ആശുപത്രിയിൽ വെച്ചായിരുന്നു ഫാ. സ്റ്റാൻ സ്വാമിയുടെ അന്ത്യം.തടങ്കലിലായ സമയത്ത് വൈദീകൻ നേരിട്ട കടുത്ത മനുഷ്യാവകാശ ലംഘനങ്ങൾ അന്താരാഷ്ട്ര തലത്തിൽ ചർച്ചയായിരുന്നു.

# ഇന്തോനേഷ്യയിൽ ക്രൈസ്തവ വിശ്വാസം സ്വീകരിക്കുന്നവരുടെ എണ്ണത്തിൽ വർദ്ധനവ്



**ജക്കാർത്ത:** ലോകത്തെ ഏറ്റവും വലിയ ഇസ്ലാമ ഭൂരിപക്ഷ രാജ്യമായ ഇന്തോനേഷ്യയിൽ ക്രൈസ്തവ വിശ്വാസം സ്വീകരിക്കുന്നവരുടെ എണ്ണത്തിൽ നേരിയ വളർച്ച. ഇന്തോനേഷ്യയിലെ ജനറൽ ഡിപ്പാർട്ട്മെന്റ് ഓഫ് പോപ്പുലേഷൻ ആൻഡ് സിവിൽ രജിസ്ട്രേഷൻ പുറത്തുവിട്ട കണക്കനുസരിച്ച് ഏതാണ്ട് ഒരു ശതമാനത്തിനടുത്ത വർദ്ധനവാണ് ഇന്തോനേഷ്യയിലെ ക്രൈസ്തവ ജനസംഖ്യയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇക്കഴിഞ്ഞ ജൂൺ വരെയുള്ള പുതിയ കണക്കനുസരിച്ച് രാജ്യത്ത് 27.22 കോടിയോളം വരുന്ന ഇന്തോനേഷ്യൻ ജനതയിൽ 2.04 കോടി പ്രൊട്ടസ്റ്റന്റ് വിശ്വാസികളും 84 ലക്ഷം കത്തോലിക്കരുമാണ് ഉള്ളത്. ജനസംഖ്യയുടെ 86.88% വും ഇസ്ലാംമത വിശ്വാസികളാണ്.

2010 ലെ സെൻസസ് പ്രകാരം ജനസംഖ്യയുടെ 9.8% ക്രിസ്ത്യാനികളാണ്. കഴിഞ്ഞ ദശകത്തിൽ ഇന്തോനേഷ്യയിലെ ക്രൈസ്തവ സമൂഹം ഒരു ശതമാനത്തിന്റെ വളർച്ച നേടിയെന്നാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്. വെസ്റ്റ് പപ്പുവ പോലെയുള്ള 4 പ്രവിശ്യകളിൽ മാത്രമാണ് ഇന്തോനേഷ്യയിലെ മുസ്ലീങ്ങൾ ന്യൂനപക്ഷമായിട്ടുള്ളത്. ബാക്കി മുപ്പതോളം പ്രവിശ്യകളിലെ ജനസംഖ്യയിൽ 50% അധികം മുസ്ലീങ്ങളാണ്. വേൾഡ് പോപ്പുലേഷൻ റിവ്യൂവിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് 2021 ൽ ലോകത്ത് ഏറ്റവുമധികം മുസ്ലീം ജനതയുള്ള രാജ്യം ഇന്തോനേഷ്യയിലാണ്.

ക്രിസ്തുമതം, അഹമദീയ മുസ്ലീങ്ങൾ,ബുദ്ധമതം പോലെയുള്ള മതന്യൂനപക്ഷങ്ങൾക്ക് രാഷ്ട്രം മതസ്വാതന്ത്ര്യം ഉറപ്പ് നൽകുന്നുണ്ടെങ്കിലും ഇന്തോനേഷ്യയിലെ ക്രിസ്ത്യാനികൾ പലപ്പോഴും മതപീഢനത്തിനും വിവേചനത്തിനും ഇരയാകുന്നുണ്ട്. ലോകത്ത് ക്രിസ്ത്യാനികൾ ഏറ്റവും അധികം പീഢിപ്പിക്കപ്പെടുന്ന 50 രാഷ്ട്രങ്ങളെ കുറിച്ചുള്ള ഓപ്പൺഡോഴ്സിന്റെ പട്ടികയിൽ ഇന്തോനേഷ്യയും ഇടംപിടിച്ചിട്ടുണ്ട്.ഇന്തോനേഷ്യയിലെ ക്രിസ്ത്യൻ ദേവാലയങ്ങൾ പലപ്പോഴും ചാവേർ ആക്രമണങ്ങൾക്ക് ഇരയായിട്ടുണ്ട്.പതിനാറാം നൂറ്റാണ്ട് മുതൽ ഇന്തോനേഷ്യയിൽ ക്രിസ്തുമതം ഉണ്ടെന്നാണ് അനുമാനിക്കപ്പെടുന്നത്.മതപീഢനത്തിടയിലും ഇന്തോനേഷ്യയിലെ ക്രൈസ്തവ സമൂഹത്തിനുണ്ടായ വളർച്ച ആശ്വാസം പകരുകയാണ്.

### 01-ാം പേജ് തുടർച്ച

തിനിടയിൽ രാവിലെ 10 മണിയോടെ മുദ്രാവാക്യം മുഴക്കിക്കൊണ്ട് എത്തിയ ഒരു സംഘം ആളുകൾ മതപരിവർത്തനം ചെയ്യുകയാണ് എന്നാരോപിച്ചുകൊണ്ട് ആക്രമണം അഴിച്ചുവിടുകയായിരുന്നു.

അക്രമാസക്തരായ ഹിന്ദുത്വവാദികൾ പ്രാർത്ഥന തടസ്സപ്പെടുത്തിക്കൊണ്ട് പ്രാർത്ഥനാലയം അലങ്കോലമാക്കുകയും വിശ്വാസികളെ മർദ്ദിക്കുകയും ചെയ്തെന്ന് ദേശീയ മാധ്യമമായ ഹിന്ദുസ്ഥാൻ ടൈംസിൽ റിപ്പോർട്ട് ചെയ്തിരുന്നു. ഇൻസ്പെക്ടർ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥൻ ആക്രമത്തെക്കുറിച്ച് അന്വേഷിക്കുമെന്നാണ് പറയുന്നത്. ക്രൈസ്തവ പ്രതിനിധികളും അക്രമിസംഘത്തിന്റെ പ്രതിനിധികളും സ്റ്റേഷനിലെത്തി തങ്ങളുടെ പരാതികൾ സമർപ്പിച്ചിട്ടുണ്ട്.

ആക്രമിക്കപ്പെട്ട പ്രാർത്ഥനാലയത്തിൽ മതപരിവർത്തനവുമായി ബന്ധപ്പെട്ട യാതൊരുവിധ പ്രവർത്തനങ്ങളും നടക്കുന്നില്ലെന്നു കഴിഞ്ഞ ഏതാനും വർഷങ്ങളായി പ്രാർത്ഥനാലയവുമായി സഹകരിച്ച് പ്രവർത്തിച്ചു വരുന്ന എൻവിത്സൺ പറയുന്നു.കഴിഞ്ഞ രണ്ടു ദശകങ്ങളായി നിരന്തരം പ്രാർത്ഥനകളും യോഗങ്ങളും സന്നദ്ധ പ്രവർത്തനങ്ങളും നടക്കുന്ന സ്ഥലമാണ് ആക്രമിക്കപ്പെട്ട പ്രാർത്ഥനാലയമെന്ന കാര്യവും വിത്സൺ ചൂണ്ടിക്കാട്ടി. ക്രൈസ്തവ സന്നദ്ധ സംഘടനയായ ഓപ്പൺ ഡോഴ്സിന്റെ കണക്കുകൾ പ്രകാരം ക്രൈസ്തവ പീഢനം രൂക്ഷമായ രാജ്യങ്ങളിൽ പത്താം സ്ഥാനത്താണ് ഇന്ത്യ.




theendtimenews.com

Available on the iPhone App Store
ANDROID APP ON Google play




www.theendtimenews.com

THE ENDTIME NEWS

THE END TIME NEWS
VOICE OF HARVESTING SOULS MISSION





ബിജു ഡൊമിനിക്.



# സ്ത്രീകളെ ശുശ്രൂഷയിൽ പങ്കാളികൾ ആക്കുന്നതിൽ നിന്നും തടയുന്ന കാര്യങ്ങൾ

**ഏ**തു കാലത്തും സ്ത്രീകൾ അനുഭവിക്കുന്ന അവഗണനകളുടെ കാരണങ്ങളിൽ അറിഞ്ഞും അറിയാതെയും പറഞ്ഞും പറയാതെയും പോകുന്ന അനേക വസ്തുതകൾ ഉണ്ട്. ആധുനിക യുഗത്തിലും കാര്യങ്ങൾക്ക് ഗണ്യമായ മാറ്റമൊന്നുമില്ല. പുരുഷ മനശാസ്ത്രവുമായി ബന്ധപ്പെട്ടുകിടക്കുന്ന ചില കാരണങ്ങൾ അതിന്റെ പുറകിൽ ഉണ്ടെന്നതാണ് നഗ്നമായ സത്യം. എന്റെ കാഴ്ചപ്പാടുകളിൽ നിന്നുമുള്ള വിലയിരുത്തലുകൾ എനിക്ക് മനസിലായ ചില കാര്യങ്ങൾ ഇവിടെ കുറിക്കട്ടെ.

1.പുരുഷന്റെ അധികാര മനോഭാവം.

പുരുഷന്മാർ എല്ലായിടത്തും മുന്നിട്ടു നിൽക്കാൻ ആഗ്രഹിക്കുന്നവരാണ്. കുടുംബത്തിൽ ആണെങ്കിലും സമൂഹത്തിൽ ആണെങ്കിലും സഭയിൽ ആണെങ്കിലും മറ്റുള്ളവർ തങ്ങളെ ഭരിക്കുന്നത് അവർക്ക് സഹിക്കാൻ കഴിയില്ല. എല്ലാറ്റിനെയും കീഴ്പ്പെടുത്തി വയ്ക്കുവാനുള്ള ഒരു പ്രവണത പുരുഷന്മാർക്കുണ്ട്. അതുപോലെ തങ്ങൾക്കു തുല്യരായി സ്ത്രീകൾ മാറുന്നതും അൽപ്പം പ്രയാസമുള്ള കാര്യം തന്നെയാണ്. സ്ത്രീകൾ തങ്ങളെക്കാൾ എല്ലാറ്റിലും താഴ്ന്നവർ ആണെന്നുള്ള ചിന്തയാണ് അങ്ങനെ ഒരു മാനസിക നിലവാരത്തിലേക്കു പുരുഷന്മാരെ എത്തിക്കുന്നത്.

ഇന്ത്യയിൽ ഇന്നും പലയിടങ്ങളിലും പെൺകുഞ്ഞുങ്ങളെ പ്രസവിക്കുന്നത് നിർഭാഗ്യമായി കണക്കാക്കപ്പെടുന്നു. ആൺകുട്ടികൾ ഉള്ളത് ഭാഗ്യമാണെന്ന് കരുതുന്ന ധാരാളം ആളുകൾ നമുക്ക് ചുറ്റും ഉണ്ട്. തന്മൂലം കുടുംബത്തിൽ തന്നെയുള്ള പെൺകുട്ടികളെക്കാൾ ആൺകുട്ടികൾ ശ്രേഷ്ഠന്മാർ ആണെന്ന് ചിന്തിക്കുകയും അവരെ അടിമപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യും. സഭകളിൽ സ്ത്രീകളുടെ അഭിപ്രായങ്ങൾക്ക് വിലക്ക് വയ്ക്കുന്നതിനു കാരണം ഇതുതന്നെ ആണ്. ശാസനങ്ങൾ ആയി പല രീതിയിൽ സ്ത്രീകളെ അധീനരാക്കിത്തീർക്കാൻ കാലാകാലങ്ങളിൽ പുരുഷന്മാർക്ക് കഴിഞ്ഞിട്ടുണ്ട്.

2.ആത്മാഭിമാനം

സ്വന്തം കഴിവുകളിൽ അമിതമായ ആത്മവിശ്വാസം ഉള്ളവരാണ് പുരുഷന്മാർ നല്ലവണ്ണം പ്രസംസിക്കപ്പെട്ട ഒരു കാര്യം അതിനെക്കാൾ നന്നായി മറ്റൊരാൾ ചെയ്യുമെന്ന് അവർ വിശ്വസിക്കുന്നില്ല, പ്രത്യേകിച്ച് സ്ത്രീകൾ. അതുകൊണ്ടു തന്നെ അത്തരം കാര്യങ്ങൾ വീണ്ടും വീണ്ടും ചെയ്യാൻ പുരുഷന്മാർ താല്പര്യം കാണിച്ചിരിക്കും. അതിനാവശ്യമായ അംഗീകാരവും പ്രശംസയും ലഭിക്കണം എന്ന് അവന് നിർബന്ധമുണ്ട്. അംഗീകാരങ്ങൾ പുരുഷന്മാരെ ആവേശമുള്ളവരാക്കിത്തീർക്കാറുണ്ട്.

3.ചുറ്റുപാടുകളെക്കുറിച്ചുള്ള ജ്ഞാനം.

സ്ത്രീകളെക്കാൾ പുരുഷന്മാർക്ക് ചുറ്റുപാടുകളെക്കുറിച്ച് ജ്ഞാനം ഉണ്ട്. കൊച്ചുകുട്ടികളായിരിക്കുന്ന കാലം മുതൽ ആൺകുട്ടികൾ ചുറ്റുപാടുകളെക്കുറിച്ച് അറിവുണ്ടായിരിക്കും. പെൺകുട്ടികൾ സംഗീതം, നൃത്തം, ഗാർഡനിങ്ങ് തുടങ്ങിയവ ഇഷ്ടപ്പെടുമ്പോൾ ആൺകുട്ടികൾ വാഹനങ്ങൾ, ഡ്രൈവിങ്ങ് പോലെയുള്ള കാര്യങ്ങളിൽ കൂടുതൽ കൗതുകം കാണിക്കുന്നത് അതുകൊണ്ടാണ്. വാഹനമോടിക്കുമ്പോൾ ആണെങ്കിലും സ്ത്രീകൾ ലാൻഡ് മാർക്കുകൾ കൂടുതൽ ഉപയോഗിക്കും. എന്നാൽ പുരുഷന്മാർ ദിശകളും ദൂരവും കൂടുതൽ ആശ്രയിക്കുന്നു.

പലപ്പോഴും സ്ത്രീകളെ ശുശ്രൂഷകൾക്ക് തനിച്ചു പറഞ്ഞയക്കാൻ പറ്റില്ല എന്ന് പറയുന്നതും ഇതുകൊണ്ടാണ്. സ്ഥലങ്ങളെക്കുറിച്ചുള്ള അറിവുകൾ സ്ത്രീകൾക്ക് പൊതുവെ കുറവായിരിക്കും. അതുകൊണ്ട് അപകടസാധ്യത കൂടുതൽ ഉണ്ട് എന്ന് കരുതപ്പെടുന്നു.

4.സംഘർഷങ്ങൾ

ശുശ്രൂഷാ രംഗങ്ങളിൽ പ്രശ്നങ്ങൾ ഉണഅടാകുന്നത് സാധാരണമാണ്. സ്ത്രീകളുംപുരുഷന്മാരും ഒരുപോലെ പ്രശ്നത്തിൽ അകപ്പെടാം. പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ

തുടർച്ച 10പേജ്ൽ

# അമേരിക്കയിൽ ബൈബിളുമായി കുട്ടികൾ സ്കൂളിൽ: ബ്രിങ്ങ് യുവർ ബൈബിൾ റ്റു സ്കൂളിൽ പങ്കെടുത്തത് ലക്ഷങ്ങൾ

**യു എസ്:**ദൈവവചനം വായിക്കുവാനും, ക്രിസ്തുവിലുള്ള പ്രത്യാശ വഴി മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുവാനും,രാജ്യത്തെ മതസ്വാതന്ത്ര്യം ആഘോഷിക്കുവാനും ലക്ഷ്യമിട്ടുകൊണ്ട് ഫോക്കസ് ഓൺ ദി ഫാമിലി ക്രിസ്ത്യൻ സംഘടനയുടെ നേതൃത്വത്തിൽ നടന്ന ബ്രിങ്ങ് യുവർ ബൈബിൾ റ്റു സ്കൂൾ വാർഷികദിനാചരണം വിദ്യാർത്ഥി പങ്കാളിത്തം കൊണ്ട് ഇത്തവണയും ശ്രദ്ധേയമായി. ലക്ഷക്കണക്കിന് വിദ്യാർത്ഥികളാണ് തങ്ങളുടെ വിശ്വാസത്തിന്റെ കേന്ദ്രബിന്ദുവായ ബൈബിളുമായാണ് അവർ സ്കൂളിൽ എത്തിയത്.

കഴിഞ്ഞ വർഷത്തെ പരിപാടിയിൽ പങ്കെടുത്തത് 5,14,000 കുട്ടികളാണെന്നും, ഇക്കൊല്ലം അതിൽ കൂടുതൽ പേർ രജിസ്ട്രർ ചെയ്തിരുന്നെന്നും ഫോക്കസ് ഓൺ ദി ഫാമിലി യുടെ പാരന്റിംഗ് ആന്റ് യൂത്ത് വൈസ് പ്രസിഡന്റ് ഡാനി ഹുയെർട്ടാ പറഞ്ഞു. ഹൈസ്കൂൾ, ജൂനിയർ സ്കൂൾ വിദ്യാർത്ഥികളാണ് കൂടുതലും എങ്കിലും കോളേജ് വിദ്യാർത്ഥികൾ, ടീച്ചർമാർ തുടങ്ങിയവർക്കും ഈ ദിനാചരണത്തിൽ പങ്കെടുക്കാമെന്നു പറഞ്ഞ ഹുയെർട്ട പത്തുലക്ഷത്തിധികം വിദ്യാർത്ഥികളെ പരിപാടിയിൽ പങ്കെടുപ്പിക്കുകയാണ് തങ്ങളുടെ അത്യന്തിക ലക്ഷ്യമെന്നും കൂട്ടിച്ചേർത്തു.

മുൻകാലങ്ങളിൽ ബ്രിങ്ങ് യുവർ ബൈബിൾ റ്റു സ്കൂൾ ദിനാചരണത്തിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്ക് ചില സ്കൂളിലെ സ്റ്റാഫിൽ നിന്നും ബുദ്ധിമുട്ടുകൾ നേരിടേണ്ടിവന്നിട്ടുണ്ട്. ആർക്കും ബുദ്ധിമുട്ട് ഉണ്ടാകാത്തിടത്തോളം കാലം കുട്ടികൾക്ക് പൊതു സ്കൂളുകളിൽ ബൈബിൾ കൊണ്ടുവരുന്നതിനുള്ള സ്വാതന്ത്ര്യം ഉണ്ടെന്ന് ഹുയെർട്ട പറഞ്ഞു. അതിന് ബുദ്ധിമുട്ട് നേരിടുന്ന വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കും അലയൻസ് ഡിഫെൻഡിംഗ് ഫ്രീഡം എന്ന മതസ്വാതന്ത്ര്യ സംഘടനയുമായി ബന്ധപ്പെടാവുന്നതാണെന്നും അദ്ദേഹം പറഞ്ഞു.




ബൈബിൾ സ്കൂളിലേക്ക് കൊണ്ടുവരിക, തങ്ങൾക്ക് മനസ്സിലായ ദൈവവചനം മറ്റുള്ളവരുമായി പങ്കുവെക്കുക എന്നീ രണ്ട് ലളിതമായ നടപടികളിലൂടെ ദൈവമഹത്വവും സത്യവും തങ്ങൾക്ക് ചുറ്റുമുള്ള സംസ്കാരത്തിലേക്ക് സന്നിവേശിപ്പിക്കാൻ എല്ലാ പ്രായത്തിലുള്ള ക്രിസ്ത്യൻ വിദ്യാർത്ഥികളെ ബ്രിങ്ങ് യുവർ ബൈബിൾ റ്റു സ്കൂൾ പ്രാപ്തരാക്കുന്നുവെന്ന് ഫോക്കസ് ഓൺ ദി ഫാമിലി പ്രോഗ്രാം മാനേജർ ബ്രൈറ്റ് എക്കെൽബെറി പ്രസ്താവിച്ചു. 2014 ലാണ് ഫോക്കസ് ഓൺ ദി ഫാമിലി വ്യത്യസ്തമായ പ്രചാരണ പരിപാടിക്ക് ആരംഭം കുറിച്ചത്. നല്ല കുടുംബജീവിതം നയിക്കുവാൻ ദമ്പതികളെ പ്രേരിപ്പിക്കയും കുട്ടികളെ ദൈവഭയമുള്ളവരായി വളരുവാൻ പ്രചോദിപ്പിക്കയും ചെയ്യുക എന്നതാണ് സംഘടനയുടെ പ്രധാന ലക്ഷ്യം.





പുരുഷന്മാർ സ്വമേധയാ ശക്തിപ്രാപിക്കുന്നു. പഠനങ്ങൾ പറയുന്നത് പുരുഷന്മാർ പ്രധിരോധത്തിലൂടെയും നല്ല മാർഗ്ഗദർശനത്തിലൂടെയും ജ്ഞാനവും പക്വതയുമുള്ളവരായിത്തീർന്നു. എന്നാൽ സ്ത്രീകൾ പ്രശ്നം ഉള്ള സാഹചര്യങ്ങൾ ഒഴിഞ്ഞുപോകാൻ ആഗ്രഹിക്കുന്നു. അതായത്, കുറഞ്ഞ പ്രതിരോധത്തിലൂടെയും മാർഗ്ഗദർശനത്തിലൂടെയുമാണ് സ്ത്രീകൾ ജ്ഞാനവും പക്വതയുമുള്ളവരായിത്തീരുന്നത്. പ്രശ്നങ്ങൾ സ്ത്രീകളെ തളർത്തുമ്പോൾ അവ പുരുഷന്മാരെ വളർത്തുന്നു. പലതിനോടും പെട്ടെന്ന് വിട്ടുവീഴ്ച ചെയ്യാൻ പുരുഷന്മാർക് സാധിക്കുകയില്ല.

5.പുരുഷന്മാർ വൈകാരികമായി ഉറപ്പുള്ളവർ ആണ്.

സ്ത്രീകളുടെ ശരീരത്തിൽ ഉൽപ്പാദിക്കപ്പെടുന്ന ഹോർമോണുകളുടെ ഏറ്റക്കുറച്ചിൽ അനുസരിച്ച് അവരുടെ മാനസിക നിലവാരം അനുദിനം മാറികൊണ്ടിരിക്കും. ചിലപ്പോൾ സ്നേഹത്തോടെയുംവാത്സല്യത്തോടെയും പ്രത്യക്ഷപ്പെടുന്ന സ്ത്രീകൾ പെട്ടെന്ന് അസ്വസ്ഥയായോ ദു:ഖിതയായോ ഒക്കെ കാണപ്പെടുന്നു. എന്നാൽ പുരുഷന്മാർ അങ്ങനെയല്ല. ഹോർമോൺ നിലവാരം അവർക്ക് എപ്പോഴും വ്യത്യാസം വരുന്നില്ല. അതു കൊണ്ടുതന്നെ മിക്കവാറും എല്ലാ സാഹചര്യങ്ങളിലും അവർക്ക് ഒരുപോലെ പെരുമാറാൻ കഴിയും. ആത്മീയ ശുശ്രൂഷാരംഗത്തും പുരുഷന്മാരുടെ ഈ കഴിവ് അവരെ വളരെ സഹായിക്കുന്നുണ്ട്. സഭാശുശ്രൂഷകന്മാരെ പ്രത്യേകിച്ചും. പാസ്റ്റർ സഭയിൽ തുടർന്നോട്ടെ, അമ്മാമ പോയാൽ മതി എന്ന പരാതികൾ വരുന്നതിന്റെ അടിസ്ഥാനം ഇതുതന്നെയാണ്.

6.പെട്ടെന്ന് കാര്യങ്ങൾ ഗ്രഹിക്കാനുള്ള ശേഷി.

സ്ത്രീകൾ പൊതുവായ കാര്യങ്ങൾ മനസിലാകുമ്പോൾ പുരുഷന്മാർ ഓരോരോ ചെറിയ കാര്യങ്ങളെപ്പോലും വിശദമായി മനസിലാക്കാൻ ശ്രമിക്കുന്നു. പുരുഷന്മാരെക്കാൾ പൊതുവിജ്ഞാനം സ്ത്രീകൾക്ക് കുറവായിരിക്കും. സ്കൂളിൽ പഠിക്കുമ്പോൾ പെൺകുട്ടികൾ പാഠ്യവിഷയങ്ങളിൽ മികവു കാണിക്കുമ്പോൾ ആൺകുട്ടികൾ പാഠ്യേതര വിഷങ്ങളിൽ മികവ് കാണിക്കുന്നു. അവർ പഠിക്കുന്ന കാര്യങ്ങളെക്കാൾ മറ്റു വിഷയങ്ങളെ കൂടുതൽ ശ്രദ്ധിക്കും. തന്മൂലം സ്കൂൾ കാലഘട്ടം കഴിയുമ്പോൾ ആൺകുട്ടികൾ പെൺകുട്ടികളെക്കാൾ മികച്ച അറിവുള്ളവർ ആയിരിക്കും.പുരുഷന്മാരുടെ ഈ കഴിവുകൾ അവരെ മികച്ച ശുശ്രൂഷകർ ആക്കുന്നുണ്ട്.

7.സമയം.

സ്ത്രീകളുടെ ശുശ്രൂഷാരംഗത്തെ ഒരു പ്രധാന വില്ലൻ ആണ് സമയം. ഭവനത്തിലെ ജോലികളും കുഞ്ഞുങ്ങളെ പരിപാലിക്കലും എല്ലാം സ്ത്രീകളുടെ സമയത്തെ കൂടുതൽ അപഹരിക്കുന്നുണ്ട്.അതുമാത്രമല്ല, പുരുഷന്മാർ സഞ്ചരിക്കുന്ന പല സമയങ്ങളിലും സ്ത്രീകൾ സഞ്ചരിക്കുന്നത് അവരുടെ ആരോഗ്യത്തിനും മാനത്തിനും വെല്ലുവിളിയാണ്. എന്നാൽ ഇന്ന് മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ഇനിയും മാറ്റങ്ങൾ അനിവാര്യമാണ്.

# മിഷനറിമാർ നടത്തുന്ന സ്കൂളുകൾ അറിവിന്റെയും സംസ്കാരത്തിന്റെയും നട്ടെല്ല്: പാക്ക് വിദ്യാഭ്യാസ മന്ത്രി സയ്യിദ് സർദാർ

**കറാച്ചി:** പാക്കിസ്ഥാനിലെ സിന്ധ് പ്രവിശ്യയിൽ കത്തോലിക്ക വിദ്യാഭ്യാസ സ്ഥാപനങ്ങൾ നൽകിവരുന്ന സേവനത്തെ അഭിനന്ദിച്ച് സർക്കാർ. സിന്ധ് പ്രവിശ്യയിലെ വിദ്യാഭ്യാസ മന്ത്രി സയ്യിദ് സർദാർ അലി ഷായാണ് കത്തോലിക്ക സ്ഥാപനങ്ങളെ അഭിനന്ദിച്ചത്. കത്തോലിക്ക സ്ഥാപനങ്ങളിലെ പ്രധാനാധ്യാപകരും അധ്യാപകരുമായി കറാച്ചിയിൽ ഒരു ചടങ്ങിനിടെ കൂടിക്കാഴ്ച നടത്തുകയായിരുന്നു അദ്ദേഹം. മിഷണറിമാർ നടത്തുന്ന സ്കൂളുകൾ അറിവിന്റെയും സംസ്കാരത്തിന്റെയും നട്ടെല്ല് ആണെന്ന് അദ്ദേഹം പറഞ്ഞു. കത്തോലിക്ക സ്കൂളുകളിലെ അധ്യാപകരുടെ കഠിനാധ്വാനത്തെ അദ്ദേഹം അഭിനന്ദിച്ചു.

പാക്കിസ്ഥാൻ എന്ന രാഷ്ട്രം സ്ഥാപിക്കുന്നതിന് മുമ്പ് തന്നെ 160 വർഷങ്ങൾക്ക് മുമ്പ് വിദ്യാഭ്യാസ മേഖലയിൽ സേവനം നൽകാൻ കത്തോലിക്ക സഭ തുടക്കം കുറിച്ചു.സർക്കാറിന്റെ സാമ്പത്തിക പിന്തുണയില്ലാതെ കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ ബുദ്ധിമുട്ടാണെങ്കിലും സഭയ്ക്ക് സർക്കാർ സഹായമില്ലാതെ പ്രവർത്തിക്കാൻ സാധിക്കുന്നുണ്ടെന്ന് മന്ത്രി പറഞ്ഞു. പ്രതിസന്ധി നേരിടുന്ന വർഷങ്ങൾ പഴക്കമുള്ള സ്കൂളുകൾ സന്ദർശിച്ച് പുനരിദ്ധാരണ പ്രവർത്തനത്തിനടക്കം എങ്ങനെ സഹായം നൽകാൻ സാധിക്കും എന്നതിനെപ്പറ്റി ഉചിതമായ നടപടി സ്വീകരിക്കുമെന്നും അദ്ദേഹം ഉറപ്പു നൽകി.

നിരവധി കത്തോലിക്ക വൈദീകരും,സന്യസ്തരും പങ്കെടുത്ത ചടങ്ങ് മിഷണറി സ്കൂളുകൾ നടത്തുന്ന അധ്യാപകരെ ആദരിക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ചത്.നാനാജാതി മതസ്ഥരായ വിദ്യാർത്ഥികൾക്ക് ഒരേപോലെ പഠിക്കുവാനുള്ള അവസരം സ്നേഹത്തോടും കരുതലോടും കൂടി നൽകുന്നതിന് സിന്ധ് പ്രവിശ്യയിലെ പ്രൈവറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ അടക്കം കൈകാര്യം ചെയ്യുന്ന വകുപ്പിന്റെ ഡെപ്യൂട്ടി ഡയറക്ടർ റാഫിയ മല്ല മിഷണറി സ്കൂൾ അധികൃതർക്ക് നന്ദി പറഞ്ഞു.



വിദ്യാഭ്യാസ വകുപ്പിന്റെ കണക്ക് പ്രകാരം 116 കത്തോലിക്ക സ്കൂളുകൾ സിന്ധ് പ്രവിശ്യയിൽ പ്രവർത്തിക്കുന്നുണ്ട്.ഇതിൽ 60 എണ്ണം കറാച്ചിയിലാണ്.56000 ന് മുകളിൽ കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്.ഇതിൽ കൂടുതലും മുസ്ലീം കുട്ടികളാണ്.നിരവധി ഡോക്ടർമാരെയും,എന്ജിനീയർമാരെയും എഴുത്തുകാരെയും രാഷ്ട്രീയക്കാരെയും അടക്കം സഭയുടെ സ്ഥാപനങ്ങൾ സമൂഹത്തിന് സംഭാവന നൽകിയിട്ടുണ്ട്.

THE END TIME NEWS
VOICE OF HARVESTING SOULS MISSION



# ഗിരിവചനത്തിനൊരു നിർവ്വചനം

പാസ്റ്റർ എം.കെ.ജോർജ്ജ്

സമാഗമനകൂടാരത്തിലെ അതിപരിശുദ്ധ സ്ഥലത്തെയെന്ന പോലെ വ്യാഖ്യാനത്തിന്റെ തിരശ്ശീലക്കകത്ത് ആണ്ട് മുഴുവൻ മറച്ചുവയ്ക്കേണ്ടതല്ല ഗിരിപ്രഭാഷണം. സങ്കേതനഗരത്തിലേക്കുള്ള ഓട്ടം പോലെ ഈ വേദഭാഗം വരുമ്പോൾ വേഗത വർദ്ധിപ്പിക്കുന്നതും ശരിയല്ല. യിസ്രായേൽ ജനം മണ്ണിൽ വീണ മന്ന പെറുക്കിയെടുത്തതിനു തുല്യം ഈ വചനവും സ്വന്തമാക്കണം.

ദൈവവചനത്തിലെ ആശയം മാത്രമല്ല വാക്കുകളും ദൈവശ്വാസീയമാണ്. എന്നാൽ വാക്കുകൾക്ക് പരിശുദ്ധാത്മാവ് നൽകുന്ന അർത്ഥം ബൈബിളിൽ നിന്നും നാം കണ്ടെത്തണം. വേദപുസ്തക വിഷയങ്ങൾ വിശദീകരിക്കുമ്പോൾ ഏറ്റവും ശ്രദ്ധിക്കേണ്ട സംഗതിയാണിത്. ബൈബിളിന്റെ ഏറ്റവും ആധികാരികമായ വ്യാഖ്യാനപുസ്തകം ബൈബിൾ തന്നെയാണ്. എന്റെ പുസ്തകത്തിൽ അന്വേഷിച്ച് വായിച്ചു നോക്കുവിൻ. ഒന്നിനും ഇണയില്ലാതിരിക്കയില്ല.(യെശ34:16)

ഈ മന്ദിരം പൊളിപ്പിൻ, ഞാൻ മൂന്നു ദിവസത്തിനകം അതിനെ പണിയും എന്ന് യേശു പറഞ്ഞു. ഇവിടെ, യേശു സൂചിപ്പിച്ച മന്ദിരം യെരുശലേം ദേവാലയമല്ല, തന്റെ ശരീരമാണെന്ന് ദൈവവചനം തന്നെ വ്യക്തമാക്കുന്നു.(യോഹ2:19 -21). പരീശന്മാരുടെ പുളിച്ച മാവ് സൂക്ഷിച്ചു കൊൾവിൻ എന്ന മുന്നറിയിപ്പ് യേശു നൽകിയപ്പോൾ അപ്പത്തിന്റെ കാര്യമാണെന്ന് ശിഷ്യന്മാർ ധരിച്ചു. പുളിച്ച മാവ് ദുരുപദേശമാണെന്ന് വ്യക്തമാക്കിയ യേശു ഇപ്പോഴും നിങ്ങൾ തിരിച്ചറിയുന്നില്ലയോ എന്ന ചോദ്യത്തോടെ അവരെ ശാസിച്ചു(മർക്കോസ് 8:15-17) തീർച്ചയായും ദൈവവചനം നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

ദൈവവചനത്തിൽ പ്രസ്താവനകൾ -പ്രത്യേകപ്രയോഗങ്ങൾ , ഉപമകൾ-ഉപദേശങ്ങൾ, നിഴലുകൾ-നിർദ്ദേശങ്ങൾ, പൊരുളുകൾ -പ്രസംഗങ്ങൾ, സംഭാഷണങ്ങൾ-സംവാദങ്ങൾ ഇവയെല്ലാം ഉണ്ട്. ഇവയിൽ ഉപമകൾ ഉപദേശങ്ങളായും അലങ്കാരം പ്രസ്താവനകളായും മാറരുത്. വിശ്വാസി ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കണമെന്ന് പൗലോസ് എഫെസ്യ ലേഖനത്തിൽ പറയുന്നു. എന്നാൽ ആയുധങ്ങൾ തിരിച്ചറിയാതെ ധരിച്ചാൽ കാലിൽ കവചം മുറുക്കി, ചെരുപ്പ് തലയിലേന്തി കൈയ്യിൽ ശിരസ്ത്രവുമായി നിൽക്കുന്ന പടയാളിയുടെ ചിത്രം തെളിയും.

ബൈബിളിന്റെ മൂലഭാഷ യഥാർത്ഥത്തിൽ എബ്രായയോ ഗ്രീക്കോ അല്ല, യേശുക്രിസ്തുവാണ്. ക്രിസ്തുവിനെ വായിച്ചാൽ എല്ലാ വേദഭാഗങ്ങളുടെയും ശരിയായ അർത്ഥം ലഭിക്കും. ആദിയിൽ വചനം ഉണ്ടായിരുന്നു. ദൈവവചനം സ്വർഗത്തിൽ എന്നേക്കും സ്ഥിരമാണ്. ആ വചനം ജഡം ധരിച്ച് കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു.

മുനയും മൂർച്ചയുമുള്ള വാക്പ്രയോഗം.

ആദ്യവായനയിൽ അംഗീകരിക്കാൻ കഴിയാത്തത് എന്നു തോന്നുന്ന ചില പ്രയോഗങ്ങളിൽ ഗിരിപ്രഭാഷണത്തിൽ ഉണ്ട്. എന്നാൽ വചനത്തിന്റെ ഇതരഭാഗങ്ങൾ പരിശോധിച്ചാൽ ആ ധാരണ മാറിപ്പോകും. നിന്റെ വലത്തെ ചെകിടത്ത് അടിക്കുന്നവനാണ് അടുത്ത ചെകിടും കാണിച്ചുകൊടുക്കുക എന്ന് ക്രിസ്തു ഉപദേശിച്ചു(മത്താ:5:39) പിന്നീട് ചേവകൻ യേശുവിന്റെ ചെകിടത്തടിച്ചപ്പോൾ അടുത്ത ചെകിട് തിരിച്ചു കാണിച്ചില്ല. ഞാൻ ദോഷമായി സംസാരിച്ചുവെങ്കിൽ തെളിവു കൊടുക്കുക. അല്ലെങ്കിൽ എന്നെ തല്ലുന്നത് എന്ത് എന്ന് പ്രതികരിക്കുകയായിരുന്നു ചെയ്തത്(യോഹ18:22,23) അടിക്കുമ്പോൾ അടുത്ത ചെകിട് കാണിക്കുക എന്നു പറഞ്ഞതിലൂടെ യേശു ഉദ്ദേശിച്ചത് സത്യം നിമിത്തം ഉപദ്രവം നേരിട്ടാൽ അതു സന്തോഷത്തോടെ സഹിക്കണം എന്നതു മാത്രമായിരുന്നു. ക്രിസ്ത്യാനി ആയിട്ട് കഷ്ടം സഹിക്കേണ്ടി വന്നാൽ ലജ്ജിക്കരുതെന്ന് ക്രിസ്തു ശിഷ്യനായ പത്രോസ് പറഞ്ഞതും അതു തന്നെ.

വലതുകൈ നിനക്ക് ദോഷം വരുത്തുന്നു എങ്കിൽ അതിനെ വെട്ടി എറിഞ്ഞുകളയുക എന്ന് യേശു പറഞ്ഞു. (മത്താ5:30) ദൈവത്തിൻരെ മന്ദിരമായ വിശ്വാസികളുടെ ശരീരത്തെ നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും എന്ന് പൗലോസ് പിന്നീട് എഴുതി.(1കൊരി3:17) ഒറ്റവായനയിൽ ഈ വേദഭാഗങ്ങൾക്ക് ആശയവൈരുദ്ധ്യം തോന്നിയേക്കാം. എന്നാൽ ഇവ അനുപൂരകങ്ങളാണ്. ഇടർച്ച വരുത്തുന്ന ശരീരഭാഗങ്ങൾ ഛേദിക്കണമെങ്കിൽ തല ഇടർച്ച വരുത്തിയാലോ? സ്വയം ഛേദിപ്പാൻ ശ്രമിച്ച കാരാഗൃഹ പ്രമാണിയോട് പൗലോസ് പറഞ്ഞു: നീ നിനക്ക് ഒരു ദോഷവും ചെയ്യരുത് . ഭൂമിയിൽ എന്തെല്ലാം നഷ്ടമാക്കേണ്ടിവന്നാലും ആത്മാവ് നശിച്ചുപോകാതെ നോക്കണം എന്ന അകംപൊരുളാണ് ക്രിസ്തു ഈ നിർദ്ദേശത്തിലൂടെ നൽകുന്നത്.

കർത്താവിന്റെ നാളുകളിലെ ന്യായപ്രമാണ പ്രബോധകന്മാർ വിശുദ്ധിയുടെ ലക്ഷണങ്ങളായി ധാരാളം ആചാരങ്ങൾ ജനത്തിന് നൽകിയിരുന്നു. ഇവ കൃത്യമായി പാലിക്കുവാൻ കർശന നിർദ്ദേശങ്ങളും നൽകി. വിശുദ്ധിയുടെ ബാഹ്യപ്രകടനത്തിൽ കൊടുമുടിയിലും, ആന്തരിക വിശുദ്ധിയുടെ കാര്യത്തിൽ പടുകുഴിയിലും ആയിരുന്ന യെഹൂദജനത്തിന് യഥാർത്ഥവിശുദ്ധിയുടെ പ്രാധാന്യം മനസ്സിലാക്കിക്കൊടുക്കാനാണ് ചില കടുത്ത ശൈലികൾ കർത്താവ് തന്റെ പ്രഭാഷണങ്ങളിൽ ഉപയോഗിച്ചത്.

ജീവിതത്തിന്റെ രഹസ്യവും പരസ്യവുമായ വശങ്ങളിൽ ദൈവത്തിനായി നിലകൊള്ളുക എന്ന് ഇത് ആഹ്വാനം ചെയ്യുന്നു. അനുഭവസമ്പന്നമായ ക്രിസ്തീയ ജീവിതം തീയിൽ പൊന്നുപോലെയും അഭിനയജീവിതം അഗ്നിയിൽ മെഴുകുപോലെയുമാണ്. നല്ല പ്രതിച്ഛായയ്ക്കു വേണ്ടി വിദഗ്ദ്ധമായി അഭിനയിച്ച അനന്യാസ് - സഫീറ ദമ്പതികൾ വഞ്ചനയുടെ കൂട്ടുപ്രതികളായി ഈ ലോകത്തിൽ നിന്നും മാറ്റപ്പെട്ടു. ശാസ്ത്രിമാരെയും പരീശന്മാരെയും സഞ്ചരിക്കുന്ന കുടുംബക്കല്ലറകളായി യേശു മുദ്രകുത്തിയതും ആത്മീയത ജീവിതത്തിൽ പ്രകടമാക്കാത്തതുകൊണ്ടല്ലേ? ക്രിസ്തുവിന്റെ കാര്യത്തിൽ ജീവിതം പോലെതന്നെ തന്റെ കല്ലറയും അകവുംപുറവും വെടിപ്പുള്ളതായിരുന്നു. യേശു മരിച്ച് ദിവസങ്ങൾക്കു ശേഷവും ആർക്കും തന്റെ കല്ലറയിൽ ഓടിക്കയറാമായിരുന്നു.

സർവ്വസംഗപരിത്യാഗികളും പറുദീസയും

ഈ ഭൂമിയിലെ സകല സന്തോഷവും ത്യജിച്ച് ജീവിച്ചാൽ സ്വർഗ്ഗത്തിൽ ചെല്ലാം എന്ന ചിന്ത സഹസ്രാബ്ദങ്ങളുടെ പഴക്കമുള്ളതാണ്. സകല സന്തോഷവും വർജ്ജിക്കുന്ന ത്യാഗികളാണ് പറുദീസയിലെത്തുന്നതെന്ന് ഗിരിപ്രഭാഷണം പ്രബോധിപ്പിക്കുന്നില്ല. മനുഷ്യജീവിതത്തിലെ നിഷ്കളങ്കമായ സന്തോഷാവസരങ്ങളിൽ ആത്മാർത്ഥമായി സഹകരിച്ചും അത് ആസ്വദിച്ചുമാണ് യേശു ജീവിച്ചത്.

കാനാവിലെ കല്യാണത്തിൽ താൻ പങ്കെടുത്തു. ശിശുക്കളെ കരങ്ങളിൽ എടുത്ത്

തുടർച്ച 11പേജിൽ



### 11-ാം പേജ് തുടർച്ച

അനുഗ്രഹിച്ചു. പത്രോസിനോട് ചേർന്നു കരം കൊടുത്തു. ചുങ്കക്കാരൻ മത്തായി ഒരുക്കിയ വിരുന്നിൽ സന്തോഷത്തോടെ പങ്കെടുത്തു. പുൽത്തകിടിയിൽ ആളുകളെ നിരനിരയായി ഇരുത്തി അവർക്കു ഭക്ഷണം കൊടുത്തു. മീൻ പിടിച്ച് ശിഷ്യന്മാർക്ക് പ്രാതൽ ഒരുക്കി. സമൂഹത്തിന്റെ ഹൃദയമിടിപ്പ് മനസ്സിലാക്കി അതിലൊരാളായിട്ടാണ് യേശു വർത്തിച്ചത്. ജനക്കൂട്ടത്തിൽ നിന്ന് വഴുതി മാറി ജീവിക്കുന്നതല്ല വിശുദ്ധിയുടെ ലക്ഷണം, മറിച്ച്, പ്രകാശം പരത്തുന്ന വിളക്കായി, രുചി നൽകുന്ന ലവണമായി, സമൂഹത്തിന്റെ ഭാഗമായി ജീവിക്കുന്നതാണ്. ക്രിസ്തീയ വിശ്വാസി വനാന്തരത്തിലെ ഒളിസങ്കേതമല്ല, ജനത്തിന് കാണത്തക്കവണ്ണം മലമുകളിൽ ഇരിക്കുന്ന പട്ടണമാണ്.

യേശുക്രിസ്തുവിന്റെ ഒന്നാം വരവിന്റെ ലക്ഷ്യം, വിശ്വസിക്കുന്ന വ്യക്തികളിൽ ദൈവരാജ്യം സ്ഥാപിക്കുക എന്നതായിരുന്നു. തന്റെ മഹത്വത്തിലും തേജസ്സിലും ആരാജ്യം അക്ഷരികമായി സ്ഥാപിക്കേണ്ടതിനാണ് ഇനിയും യേശു വരുന്നത്. മറുരൂപമലയിൽ കണ്ടത് ആ രാജ്യത്തിന്റെ ചെറിയ ഒരു അനുഭവമാണ്. അങ്ങനെ തേജസ്സിൽ വെളിപ്പെടുന്ന രാജ്യത്തിന്റെ പ്രത്യേകതകളാണ് ഗിരിപ്രഭാഷണത്തിൽ നിഴലിച്ചു നിൽക്കുന്നത്. ദൈവരാജ്യത്തിന്റെ സ്ഥാപനം വിശ്വാസികളിൽ തുടങ്ങുന്നതിനാൽ അവർ അതിന് അനുസാരമായി ജീവിക്കേണ്ടതാകുന്നു. ഈ പ്രഭാഷണത്തിലെ ഓരോ ഭാഗങ്ങളും വിശ്വാസിക്ക് വിലയേറിയതാണ്. ചിത്രകാരൻ കാൻവാസിൽ കോറിയിടുന്ന പ്രാരംഭവരകളും കൊച്ചു കുട്ടി കടലാസ്സിൽ ഇടുന്ന വരകളും ഒരുപോലെ തോന്നും. എന്നാൽ ചിത്രകാരൻ തന്റെ വരകളെ കൂട്ടിയിണക്കുമ്പോൾ ജീവൻ തുടിക്കുന്ന ചിത്രം തെളിയുന്നു. ഇതുപോലെയാണ് ഗിരിവചനങ്ങളും.

യേശു രാജാവായി ജനിച്ചു , രാജാവായി മരിച്ചു, രാജാധിരാജാവായി കല്ലറയിൽ നിന്ന് പുറത്തുവന്നു. ദൈവരാജ്യത്തിലെ പ്രജകളായി ജനിച്ചവരും ആ നിലവാരത്തിൽ ജീവിക്കുമ്പോൾ അവരുടെ കല്ലറകളും തുറക്കും. നസറായനായ യേശു യഹൂദന്മാരുടെ രാജാവ് എന്ന മേലെഴുത്ത് ഓരോ വിശ്വാസിയുടെയും ജീവിത്തതിൽ സ്ഥിരമായി നിൽക്കട്ടെ.

നിസ്സഹായനായ മനുഷ്യന് ദൈവകൃപയിൽ ആശ്രയിച്ച് ആത്മീയജീവിതത്തിൽ വിജയം വരിക്കാൻ കഴിയുമെന്ന് ഗിരിപ്രഭാഷണം ഉപദേശിക്കുന്നു. വിശ്വാസത്താൽ നീതീകരിക്കപ്പെട്ടശേഷം ക്രിസ്തുവിൽത്തന്നെ ആശ്രയിച്ച് മുന്നോട്ടുപോകുന്ന വിശ്വാസിയുടെ ജീവിതദർശനമാണിത്.




## രാജസ്ഥാൻ പെന്തക്കോസ്തൽ ചർച്ചിന്റെ 58 മത് ത്രിദിന വാർഷിക കൺവൻഷൻ ഒക്ടോബർ 22 മുതൽ

ഉദയ്പ്പൂർ: രാജസ്ഥാൻ പെന്തക്കോസ്തൽ ചർച്ചിന്റെ 58 മത് ത്രിദിന വാർഷിക കൺവൻഷൻ ഒക്ടോബർ 22 മുതൽ 24 വരെ സൂം വേദിയിൽ നടക്കും.

പ്രാരംഭദിനത്തിൽ വൈകിട്ട് 7 മുതൽ 9 വരെയും ബാക്കി രണ്ടു ദിവസങ്ങളിൽ രാവിലെ 9 മണിക്കും വൈകിട്ട് 7 മണിക്കും നടക്കുന്ന യോഗങ്ങളിൽ പാസ്റ്റർ രാജ്കുമാർ, പാസ്റ്റർ അഗസ്റ്റിൻ റാവു എന്നിവർ പ്രസംഗിക്കും. ആർപിസി ഗായകസംഘം ഗാനശുശ്രൂഷ നടത്തും.

വടക്കേ ഇന്ത്യയുടെ അപ്പോസ്തലൻ എന്ന് വിശേഷിക്കപ്പെടുന്ന ഇന്ന് നിത്യതയിൽ വിശ്രമിക്കുന്ന പാസ്റ്റർ ഡോ.തോമസ് മാത്യൂസ് ദൈവം കൊടുത്ത ദർശനപ്രകാരം 1963 ൽ ഒരു ചെറിയ വാടകമുറിയിൽ ആരംഭിച്ച പ്രാർത്ഥനാകൂട്ടം ആണ് ഇന്ന് 900 ന് അടുത്ത് വിശ്വാസികളുള്ള ഒരു സ്ഥാനീയ സഭയായി വളർന്നത്. ഡോ.തോമസ് മാത്യൂസിന്റെയും സഹധർമ്മിണി മേരി മാത്യൂസിന്റെയും പ്രാർത്ഥനയുടേയും അക്ഷീണ പരിശ്രമത്തിന്റെയും ഫലമായി ധാരാളം തദ്ദേശവാസികളും ഉദ്യോഗാർത്ഥം ഉദയ്പൂരിൽ എത്തിച്ചേർന്ന വിവിധ സംസ്ഥാനക്കാരും ഒരുമിച്ച് ചേർന്ന് അരനൂറ്റാണ്ടിലേറെയായി ഇവിടെ ആരാധിച്ചു പോകുന്നു.

പാസ്റ്റർ ഡോ.പോൾ മാത്യൂസിന്റെ നേതൃത്വത്തിൽ വളരെ ശക്തമായ ഒരു ഭരണസമിതിയാണ് ആർ പി സിക്കുള്ളത്. 13 ഏരിയകളായി തിരിച്ചു ആഴ്ചയിൽ ഓരോ ദിവസവും രണ്ടു ഏരിയകളിൽ കോട്ടേജ് മീറ്റിംഗുകൾ നടന്നുവരുന്നു. വർഷംതോറും നടത്തിവരുന്ന യുവജന സൺഡേസ്കൂൾ ക്യാമ്പുകൾ,സോദരീസമാജം കോൺഫറൻസുകൾ മുതലായവ യൗവനക്കാർക്ക് ആത്മീയ മാർഗദർശകങ്ങൾ ആണ്.

രാജസ്ഥാൻ പെന്തക്കോസ്തൽ ചർച്ചിന്റെ ചുവടുപിടിച്ചു ഡോ.മാത്യൂസ് ഫിലഡൽഫിയ ഫെലോഷിപ്പ് ചർച്ച് ഓഫ് ഇന്ത്യ എന്ന പ്രസ്ഥാനം ആരംഭിക്കുകയും ഇത് ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ തന്നെ 1600 ൽ പരം പ്രാദേശിക സഭകൾ ഉള്ള പ്രസ്ഥാനമായി വളർന്നു.


END TIME RADIO
24/7 Christian
Radio Network
NOW AVAILABLE IN
English
Malayalam
Hindi & Tamil
Christian songs unlimited
Christian short messages
Motivational sermons
Uplifting talks & so on...
IT'S ABSOLUTELY
FREE!!
Stream inside outside or anywhere you go!
Computer
Smart phone
Tablet
Wireless speaker
Smart TV
Car-media player
and more..
Download now
GET IT ON Google Play
Download on the App Store
visit us: theendtimeradio.com
endtimeradio24x7

the END TIME NEWS
VOICE OF HARVESTING SOULS MISSION

USA
PO.box 125
Wheat land,6920.5.m manin st
Wheat land Oklahoma
box zip code-73097
PH-(405) 745-786(H)
Mob-001(405)778-4341(Wats App)

Reg no :
TVM/TC/1717/2014
Established :USA
Published from :
India, Kerala, TVM




We are Architectural Aluminum systems and Glazers Company run by Experienced and Qualified Engineers, Technicians and installers. We make high performing entrances, storefronts,windows, structural glazing, Curtain walls, etc.Committed in creating next-generation technologies; we strive to ensure safety and comfort of buildings. Every project comes with warranty and quick turnaround. We give infinite possibilities and innovative design solutions to your ideas or dreams. Explore our dynamic array of innovative solutions for renovation and new construction. Together we build your dreams with our experience and dedication.

**OUR OTHER ALUMINIUM PRODUCTS**

- Manual ICU sliding Doors.
- Manual Pivot or Hinged Doors.
- Automatic folding Doors.
- Five door systems.
- Manual Swing and slide Doors.
- Aluminium, FRP and Fiberglass Enty Doors.
- Store front systems.
- Shower doors.
- Patio sliding doors.
- Frameless glass enterace Doors.
- Window Wall.

405 778 4341
405 590 6116
usglasstech@gmail.com
www.usglasstech.com

Innovative Products
520 Beacon Pl,
Oklahoma City,OK 73127
(Off) 405 440-0010
(Fax) 405 440 0015